പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3337 — 23.06.2014-ലെ മറുപടിക്ക്.

## കോടതിയുത്തരവുകൾ മലയാളത്തിലാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കോടതികളുടെ നടപടിക്രമങ്ങളും, ഉത്തരവുകളും മലയാള ഭാഷയിലാക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ഉണ്ട്. |
| (ബി) ഇതിനായി സത്വര നടപടി സ്വീകരിക്കുമോ;<br><br>(സി) പ്രാധാന്യമുള്ള കോടതി ഉത്തരവുകളെങ്കിലും മലയാളത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബിയും, സിയും)<br>കോടതി ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരികയാണ്. പ്രധാനപ്പെട്ട ഉത്തരവുകൾ വിജ്ഞാപനങ്ങൾ മുതലായവ മലയാളത്തിലേക്ക് തർജ്ജിമ ചെയ്ത് കോടതിയുടെ ഉപയോഗത്തിനായി ലഭ്യമാക്കുന്നതിനും ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതി കുറിപ്പുകളും ഉൾപ്പെടുത്തി 'നിയമധ്വനി' എന്ന പേരിൽ പുസ്തകം ഒന്നും രണ്ടും ഭാഗങ്ങൾ പസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, 'നിയമശബ്ദാവലി' എന്ന പുസ്തകവും നിയമവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

Rema.V

സെക്ഷൻ ഓഫീസർ